**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3113** **18.06.2019 ൽ മറുപടിയ്ക്ക്**

**ആര്യങ്കാവിലെ പ്രിയ എസ്റ്റേറ്റിന്റെ പോക്കുവരവ്**

**ചോദ്യം**
**ശ്രീ.റോജി എം.ജോൺ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം പ്ലാന്റേഷൻ വിറ്റ ആര്യങ്കാവിലെ പ്രിയ എസ്റ്റേറ്റ് പോക്കുവരവ് ചെയ്ത് നൽകിയിട്ടുണ്ടോ; | (എ) ആര്യങ്കാവിലെ പ്രിയ എസ്റ്റേറ്റ് പേരിൽ പോക്കുവരവ് ചെയ്ത് നൽകിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത എസ്റ്റേറ്റിന്റെ കരം സ്വീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | ബി) പുനലൂർ താലൂക്കിൽ ആര്യങ്കാവ് വില്ലേജിൽ കൈലാസ് പ്ലാന്റേഷൻസിൽ നിന്നും പ്രിയ എസ്റ്റേറ്റ് വാങ്ങിയ 492.13 സ്ഥലത്തിന്റെ കരം സ്വീകരിക്കാതിരുന്നതിനെതിരെയും ടി എസ്റ്റേറ്റ് സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ചോദ്യം ചെയ്തുകൊണ്ടും പ്രിയ എസ്റ്റേറ്റ് ഫയൽ ചെയ്ത കേസുകളിലെ ബഹു.ഹൈക്കോടതിയുടെ 30-10-18-ലെ വിധിയിൽ പ്രിയ എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച് കമ്പനി ന്യായമായ അവകാശം ഉന്നയിച്ചിട്ടുള്ളതിനാൽ KLC ആക്ട് പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ പാടില്ലാ എന്നും ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി സർക്കാർ സിവിൽ കേസ് ഫയൽ ചെയ്യുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ഭൂമിയുടെ കരം കമ്പനി ഹാജരാക്കിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിധി 11-4-18-ലെ ഹാരിസൺ കേസുകളിലെ ഡിവിഷൻ ബഞ്ചിന്റെ വിധിന്യായം പിൻപറ്റിയിട്ടുള്ളതായിരുന്നു. അതിനെ തുടർന്നു ജില്ലാതലത്തിൽ നടപടികൾ സ്വീകരിച്ച് കരം സ്വീകരിക്കുകയും പിന്നീട് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (സി) ഉണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച വന്നതായി കണ്ടെത്തിയതിനെ തുടർന്ന് വില്ലേജ് ഓഫീസർ ആര്യങ്കാവ്, തഹസിൽദാർ പുനലൂർ, ആർ.ഡി.ഒ.പുനലൂർ എന്നീ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ